**<u>15 -ാം കേരള നിയമസഭ</u>**

**<u>7 -ാം സമ്മേളനം</u>**

**<u>നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1487</u>** **<u>08-12-2022 - ൽ മറുപടിയ്ക്ക്</u>**

**<u>പ്രീപ്രൈമറി ജീവനക്കാരുടെ പ്രശ്നങ്ങൾ</u>**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പ്രവർത്തിക്കുന്ന പ്രീപ്രൈമറി സ്കൂളുകളിൽ 2012 ന് ശേഷം നിയമിക്കപ്പെട്ടിട്ടുള്ള അദ്ധ്യാപകരുടെയും, ആയമാരുടേയും സേവനം സ്ഥിരപ്പെടുത്തുന്നത് സംബന്ധിച്ച വിഷയത്തിൽ സർക്കാർ എന്ത് തീരുമാനമാണ് എടുക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (എ) | 2012-ന് ശേഷം സർക്കാർ അംഗീകാരമില്ലാതെ പി.റ്റി.എ നിയമിച്ച അദ്ധ്യാപകരെയും ആയമാരെയും സ്ഥിരപ്പെടുത്തുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിൽ ഇല്ല. |
| (ബി) | പ്രീപ്രൈമറി ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ കാലോചിതമായി പരിഷ്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | പ്രീ-പ്രൈമറി ജീവനക്കാർക്കുള്ള ഓണറേറിയം സർക്കാർ കാലാകാലങ്ങളിൽ പരിഷ്കരിക്കുന്നുണ്ട്. ആയത് നിലവിൽ 10 വർഷത്തിന് താഴെ സേവനമുള്ള അദ്ധ്യാപകർക്ക് 12000/-രൂപയും ആയമാർക്ക് 7000/- രൂപയും, 10 വർഷത്തിന് മുകളിൽ സേവനകാലയളവുള്ള അദ്ധ്യാപകർക്ക് 12,500/- രൂപയും ആയമാർക്ക് 7,500/-രൂപയും ആണ്. |
| (സി) | സർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മുഴുവൻ പ്രീപ്രൈമറി സ്കൂളുകളിലെ കുട്ടികളെയും ഉച്ചഭക്ഷണ പദ്ധതിയുടെ ഭാഗമാക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |
| (ഡി) | പ്രീപ്രൈമറി ക്ലാസുകൾ ഹൈടെക്ക് ആക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഡി) | ഈ വിഷയം സർക്കാർ പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ